# Malayala Manorama

## 29 August 2018

## Thiruvananthapuram, Disaster Management, Tech Community, Software

### ദുരന്തനിവാരണം: സോഫ്റ്റ്‌വെയറുമായി ടെക്കി കൂട്ടായ്മ

#YuvaForKerala

തിരുവനന്തപുരം● പ്രളയക്കെടുതിയിൽ ഒറ്റപ്പെട്ടു പോയവരുടെ സഹായാഭ്യർഥനകൾ സ്വീകരിക്കാൻ ഏകീകൃത കോൾ സെന്റർ സൗകര്യം ഒരുക്കിയ ടെക്കി കൂട്ടായ്മ ദുരന്തനിവാരണ മാനേജ്മെന്റ് സോഫ്റ്റ്‌വെയറും വികസിപ്പിക്കുന്നു. പ്രളയത്തെ നേരിട്ട അനുഭവങ്ങളുടെ വെളിച്ചത്തിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറായി ഇതു വികസിപ്പിക്കാനാണ് 'പ്രൊജക്ട് ലൈഫ്ബോട്ട്' സംഘത്തിന്റെ തീരുമാനം.

ലോകത്തെവിടെയും ഇനി പ്രകൃതിദുരന്തമുണ്ടാകുമ്പോൾ ഉപയോഗിക്കാൻ കഴിയുന്ന വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയറാണ് വികസിപ്പിക്കുന്നത്. രക്ഷാദൗത്യത്തിനു പുറമെ ദുരിതാശ്വാസക്യാമ്പുകളുടെ ഏകോപനം, പുനരധിവാസം എന്നിവയ്ക്കും ഇത് ഉപയോഗിക്കാം. ഉദാഹരണത്തിന്, കുട്ടനാട്ടിൽ ഒരു കർഷകന് ജലസേചന പമ്പ് വെള്ളപ്പൊക്കത്തിൽ നഷ്ടമായാൽ അക്കാര്യമറിയിച്ച് ആർക്കെങ്കിലും വെബ്സൈറ്റിൽ റജിസ്റ്റർ ചെയ്യാം. പലർ സമാന റജിസ്ട്രേഷൻ നടത്തുമ്പോൾ സന്നദ്ധപ്രവർത്തകരുടെ സഹായത്തോടെ ഇതു ഉറപ്പുവരുത്താം. പമ്പ് നൽകാൻ തയാറുള്ളവർക്കു സന്നദ്ധത അറിയിക്കാം.

സോഫ്റ്റ്‌വെയറിനു സർക്കാർ അംഗീകാരം നേടാനുള്ള ശ്രമത്തിലാണു ലൈഫ് ബോട്ട് സംഘം.